**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661** | **28-01-2026 - ൽ മറുപടിയ്ക്ക്**

**വാണിജ്യ-വ്യവസായ മേഖലയിലെ നിക്ഷേപ സമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ-വ്യവസായ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റീഫോംസിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2016-ൽ സ്റ്റേറ്റ് ബിസിനസ് റിഫോംസ് 22.8 ശതമാനമായിരുന്ന സംസ്ഥാനത്തിന്റെ സ്കോർ, തുടർച്ചയായ നയപരിഷ്കാരങ്ങളിലൂടെ 2022-ൽ 91%-ലും 2024-ൽ 99.1%- ലും എത്തി. 2022 ൽ രണ്ട് വിഭാഗങ്ങളിൽ (വ്യവസായ കേന്ദ്രീകൃതം) ഒന്നാം സ്ഥാനത്തെത്തിയ കേരളം, 2024ൽ നാല് വിഭാഗങ്ങളിൽ ഒന്നാമതെത്തുകയും, ഉന്നത ശ്രേണിയായ 'ഫാസ്റ്റ് മൂവേഴ്സ്' വിഭാഗത്തേക്കു മുന്നേറുകയും ചെയ്തിട്ടുണ്ട്.<br><br>നിക്ഷേപ നടപടികളുടെ ലളിതവത്കരണം, സമയബന്ധിതമായ അനുമതികൾ, നയസ്ഥിരത, സിംഗിൾ വിൻഡോ സംവിധാനങ്ങൾ, ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സംവിധാനങ്ങളുടെ ശക്തീകരണം എന്നിവ ചേർന്ന് കേരളത്തെ വിശ്വാസയോഗ്യവും നിക്ഷേപ സൗഹൃദവുമായ സംസ്ഥാനമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി ആഭ്യന്തരവും വിദേശവുമായ നിക്ഷേപങ്ങൾ സംസ്ഥാനത്തേക്ക് വലിയതോതിൽ ആകർഷിക്കപ്പെട്ടിട്ടുണ്ട്.<br><br>സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെയും കേരള വ്യവസായ നയം 2023 ഉൾപ്പെടെയുള്ള നയപരിഷ്കാരങ്ങളുടെയും ഭാഗമായി ഐ.ടി., ഐ.ടി. ഇതര, നൂതന സാങ്കേതികവിദ്യാ മേഖലകളിൽ നിരവധി കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ടുവന്നിട്ടുണ്ട്.<br><br>2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വഴി ₹1.81 ലക്ഷം കോടി രൂപ മൂല്യമുള്ള 449-ലധികം നിക്ഷേപ താൽപ്പര്യപത്രങ്ങൾ സംസ്ഥാനത്തിന് ലഭിക്കുകയും, ₹35,608 കോടിയിലധികം നിക്ഷേപത്തോടെ 109-ഓളം പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ശിലാസ്ഥാപനം നടത്തുകയും ചെയ്തു. ഈ പദ്ധതികളുടെ നടപ്പാക്കൽ നിലവിൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. മൊത്തത്തിൽ വിലയിരുത്തുമ്പോൾ, Ease of Doing Business പരിഷ്കാരങ്ങളും സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളും ചേർന്ന് സംസ്ഥാനത്ത് ശക്തമായ നിക്ഷേപ സൗഹൃദ ഇക്കോസിസ്റ്റം രൂപപ്പെടുത്തുന്നതിനും, ഐ.ടി., ഐ.ടി. ഇതര, നൂതന സാങ്കേതികവിദ്യാ മേഖലകളിൽ ഉൾപ്പെടെ വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ഐ.ടി., ഐ.ടി. ഇതര, നൂതന സാങ്കേതിക വിദ്യാ മേഖലകളിൽ നിരവധി ആഭ്യന്തര-വിദേശ കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ എത്തിച്ചേർന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. കിൻഫ്ര സ്ഥാപിച്ചിട്ടുള്ള 34 വ്യവസായ പാർക്കുകൾ ഓരോന്നും പ്രത്യേക വ്യവസായ മേഖലകളെ ലക്ഷ്യംവച്ച് രൂപകൽപ്പന ചെയ്തതാണ്. ഇൻഫർമേഷൻ ടെക്നോളജി/ ഇൻഫർമേഷൻ ടെക്നോളജി എനേബിൾഡ് സർവ്വീസസ് (ഐ.ടി/ ഐ.ടി.ഇ.എസ്,) തുണിത്തരങ്ങൾ, വസ്ത്ര നിർമ്മാണം, പൊതു വ്യവസായങ്ങൾ, ഹൈടെക് വ്യവസായങ്ങൾ, ഇലക്ട്രോണിക്സ്, പ്രതിരോധം, പെട്രോകെമിക്കൽസ് തുടങ്ങിയ വ്യത്യസ്ത മേഖലകളെ അവ ഉൾക്കൊള്ളുന്നു. തിരുവനന്തപുരത്തെ കെ.എഫ്.വി.പി, (Kinfra Film and Video park) രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, കാക്കഞ്ചേരിയിലെ നിയോ സ്പേസ് എന്നിവയുൾപ്പെടെ ഐ.ടി/ഐ.ടി.ഇ.എസ്-നായി പ്രത്യേക പാർക്കുകൾ ഇവയിൽ ഉൾപ്പെടുന്നു.<br><br>കൊച്ചിയിലെ കാക്കനാട്ട് ഒരു ഇലക്ട്രോണിക്സ് നിർമ്മാണ ക്ലസ്റ്ററും, പാലക്കാട് ഒറ്റപ്പാലത്ത് ആദ്യത്തെ ഡിഫൻസ് പാർക്കും കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്, പ്രതിരോധ, ഇലക്ട്രോണിക്സ് അനുബന്ധ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് ഇത്. ഈ പാർക്കുകളിലും മറ്റും പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ വളർച്ചയെ പിന്തുണയ്ക്കുന്നതിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സൗകര്യങ്ങളും കിൻഫ്ര നൽകിയിട്ടുണ്ട്. TCS Ltd., Tata Elxsi, Hailstone Innovation (P) Ltd, Kaynes Technology, V-Guard, D-space, Vensure, Systrome Technologies, Hykon, Vinvish Technologies, Genrobotics മുതലായ പ്രാദേശികവും ആഗോളവുമായ കമ്പനികൾ ഇതിനകം കിൻഫ്ര പാർക്കുകളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നൂതന സാങ്കേതികവിദ്യകളെ സ്വീകരിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും സജ്ജമായ അന്തരീക്ഷം കിൻഫ്ര പാർക്കുകളിൽ ഒരുക്കി നൽകുന്നു. പുതിയ സാങ്കേതിക വിദ്യകളുടെ പരീക്ഷണത്തിനും സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ സാഹചര്യവും കിൻഫ്ര പാർക്കുകളിൽ ഒരുക്കി നൽകുന്നു. |

സെക്ഷൻ ഓഫീസർ